ഉത്തരം

(എ & ബി) സാമ്പത്തിക കാരണങ്ങളാൽ ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്. ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിന് എം.ജി.പി. ഫണ്ടിൽ നിന്നും 8 ലക്ഷം രൂപയും കടയ്ക്കൽ സബ് രജിസ്ട്രാർ ഓഫീസിനായി പ്ലാൻ ഫണ്ടിൽ നിന്നും 8 ലക്ഷം രൂപയും ചിതറ സബ് രജിസ്ട്രാർ ഓഫീസിന് പ്ലാൻ ഫണ്ടിൽ 8 ലക്ഷം രൂപയും അനുവദിച്ച് കമ്പ്യൂട്ടർവൽക്കരണ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2005-06-ലെ ബഡ്ജറ്റിൽ ഒരു ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്.

ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

114 [673] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പ്രദേശത്തേയും ഭൂമിവില നിശ്ചയിക്കുന്നത് അതത് പ്രദേശത്തെ സബ് രജിസ്ട്രാർമാരാണോ എന്ന് അറിയിക്കുമോ ;

(സി) ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഭൂമിവില നിശ്ചയിക്കുന്നതിനായി നികുതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരുടെ യോഗം നടന്നിട്ടുണ്ടോ ; എങ്കിൽ എന്നാണ് ; ഭൂമിവില നിശ്ചയിക്കാൻ മറ്റ് ഏതെങ്കിലും യോഗം നടന്നിട്ടുണ്ടോ ;

(ഇ) പ്രസ്തുത യോഗത്തിലെടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇങ്ങനെയൊരു യോഗം കൂടാൻ മന്ത്രി നിർദ്ദേശം നൽകിയിരുന്നുവോ ;

(ജി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു യോഗം നടന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ—സി) ഉണ്ട്. ഇതിന് 5-1-2004 മുതൽ 19-2-2004 വരെ മാത്രമേ പ്രാബല്യം ഉണ്ടായിരുന്നുള്ളൂ. 1995-ലെ കേരള മുദ്രപത്രം നിശ്ചയിക്കൽ റൂൾസിലെ ചട്ടം 3-ലെ 1 മുതൽ 3 വരെയുള്ള ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഓരോ വില്ലേജിലേയും സർവ്വെ നമ്പർ അടിസ്ഥാനത്തിലാണ് ഭൂമിയുടെ ന്യായവില നിശ്ചയിക്കപ്പെടുന്നത്. പ്രസ്തുത റൂൾസ് പ്രകാരം ഓരോ പ്രദേശത്തെയും ആർ.ഡി.ഒ. മാരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി—ജി) ഇതിനായി പ്രത്യേക യോഗം ചേർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly